**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.233

28-05-2019 ൽ മറുപടിയ്ക്ക്

## ചാത്തന്നൂർ ആസ്ഥാനമായി പുതിയ ഫയർ സ്റ്റേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ജി. എസ്. ജയലാൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട ഫയർ സ്റ്റേഷനുകളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള ലിസ്റ്റ്, ഫയർ & റസ്ക്യൂ സർവ്വീസസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) | പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പിൽ തയ്യാറാക്കിയ പട്ടിക സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി) | ചാത്തന്നൂർ ആസ്ഥാനമായി ഒരു പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ബി) | നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാത്തന്നൂരിൽ അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനായി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള, കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ റീ-സർവ്വേ നം.91/14 ൽപ്പെട്ട 20 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിന് വേണ്ടി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാ പത്രം കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയിരുന്നു. |
| സി) | ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെന്റ് സ്ഥലം ചാത്തന്നൂർ ഫയർ സ്റ്റേഷന് വേണ്ടി വിട്ടുനൽകാൻ കഴിയില്ല എന്ന കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം പുന:പരിശോധിച്ച് ടി സ്ഥലം ഫയർ &റെസ്ക്യൂ വകുപ്പിന് കൈമാറുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 25.01.2019-ൽ ജനപ്രതിനിധി നൽകിയ നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ? | സി) | പ്രസ്തുത ആവശ്യം സംബന്ധിച്ച് 16-01-19 ൽ നൽകിയ നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ